പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമില്ലാത്ത
ചോദ്യം നം. 1820

05/10/2016-ലെ
മറുപടിയ്ക്ക്

**ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ട്**

| ചോദ്യം<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ; | (എ) | ജില്ലകൾക്ക് അനുവദിക്കുന്ന കോർപ്പസ് ഫണ്ട് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെ അസി. എക്സി. എഞ്ചിനീയർമാർ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം വിനിയോഗിക്കാനാണ നിലവിൽ അനുമതിയുള്ളത്. എൽ.എസ്.ജി.ഡി എഞ്ചിനീയർമാർ , കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭിക്കുവാൻ വൈകുന്നത് കൊണ്ടാണ് ഫണ്ട് വിനിയോഗവും വൈകുന്നത്. |
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കേണ്ട റോഡ്, കടിവെള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട റോഡ് പ്രവൃത്തികളുടെയും കുടിവെള്ള പദ്ധതികളുടെയും ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. കേരള വാട്ടർ അതേറിറ്റി എക്സി എഞ്ചിനീയറിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് ലഭ്യമായി കഴിഞ്ഞാലുടൻ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അടുത്ത യോഗത്തിൽ ഭരണാനുമതി ഉത്തരവ് നൽകുന്നതാണ്. മുട്ടപാട് കടവ് -കരിപ്പുറം റോഡ് വർക്കിനുവേണ്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റിലെ ന്യൂനത അടിയന്തിരമായി പരിഹരിക്കുന്നതിന് ചെങ്ങന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള റോഡ്, കടിവെള്ള പദ്ധതികളുടെ നടത്തിപ്പിലുള്ള കാലതാമസം എന്ത്കൊണ്ടെന്ന് വിശദീകരിക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറിൽ നിന്നും കുടിവെള്ള പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് , എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം പദ്ധതി നടത്തിപ്പിനും കാലതാമസമുണ്ടാക്കുന്നു. ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ കഴിഞ്ഞ എല്ലാ പ്രവൃത്തികളുടെയും ഭരണാനുമതി ഉത്തരവ് ജില്ലാതലസമിതി കൂടുന്ന മുറയ്ക്ക് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ